# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 67

09/03/2015 ൽ
മറുപടി
നൽകേണ്ടിയിരുന്നത്

## തിരുവനന്തപുരം ജില്ലയിലെ എൽ.ഡി. ക്ലാർക്ക് നിയമനം

| **ചോദ്യം :** | **ഉത്തരം :** |
|---|---|
| **ശ്രീ. ഇ. പി. ജയരാജൻ** | **ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി** |
| (എ) തിരുവനന്തപുരം ജില്ലയിൽ വിവിധ വകുപ്പുകളിലേക്ക് എൽ. ഡി. ക്ലാർക്ക് തസ്തികയിലേക്ക് പി.എസ്.സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെന്നാണെന്ന് അറിയിക്കുമോ ; | (എ) 30.03.2012 ന് നിലവിൽ വന്നു |
| (ബി) പ്രസ്തുത റാങ്ക് ലിസ്റ്റിന് എത്ര തവണ കാലാവധി ദീർഘിപ്പിച്ച് നൽകുകയുണ്ടായി; ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നത് എന്നാണ് ; മെയിൻ ലിസ്റ്റിൽ എത്ര പേരെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ; ഇതിൽ നിന്നും എത്ര പേർക്ക് ഇതുവരെ നിയമന ശുപാർശ നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ; | (ബി) ഒരു തവണ കാലാവധി ദീർഘിപ്പിച്ചു; 31.03.2015ന് ലിസ്റ്റിന്റെ കാലാവധി അവസാനിക്കും; മെയിൻ ലിസ്റ്റിൽ 3052 പേരെ ഉൾപ്പെടുത്തിയിട്ടുണ്ട്; ഇതിൽ നിന്നും 18.02.2015 വരെ ആകെ 1554 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. |
| (സി) ഇനിയും എത്ര പേർക്ക് നിയമന ശുപാർശ നൽകുവാനുള്ള ഒഴിവുകൾ നാളിതുവരെ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത് കിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) 21-03-2015 വരെ NJD അടക്കം 24 ഒഴിവുകൾ നിയമന ശിപാർശ ചെയ്യുന്നതിനായി അവശേഷിക്കുന്നു. |

(ഡി) ഉദ്യോഗക്കയറ്റം മുഖേനയും റിട്ടയർമെന്റ് മുഖേനയും ഏത് കാലയളവുവരെ ഉണ്ടാകുന്ന ഒഴിവുകൾ കണക്കാക്കി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാനാണ് ഇപ്പോൾ വിവിധ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിലുള്ള ഒഴിവുകളും, 2015 ഏപ്രിൽ മെയ് ജൂൺ മാസങ്ങളിൽ വിവിധ വകുപ്പുകളിൽ എൽ. ഡി. ക്ലാർക്ക് തസ്തികയിൽ ഓരോ ജില്ലയിലും ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകളുടെ കൃത്യമായ എണ്ണം കണക്കാക്കി പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പു മേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ഇതിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം വകുപ്പുകൾ എത്ര ഒഴിവുകൾ ഇതിനോടകം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; സർക്കാർ നിർദ്ദേശം അനുസരിച്ച് ഇത്തരം ഒഴിവുകൾ ഇനിയും റിപ്പോർട്ട് ചെയ്തിട്ടില്ലാത്ത വകുപ്പുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഇ) ലഭ്യമായ വിവരങ്ങൾ പ്രകാരം 07.03.2015 വരെ സംസ്ഥാനത്തൊട്ടാകെ 432 ഒഴിവുകൾ വിവിധ വകുപ്പുകൾ പി.എസ്. സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് വിശദാംശം അനുബന്ധം I ആയി ചേർക്കുന്നു. ഒഴിവുകൾ ഇനിയും റിപ്പോർട്ട് ചെയ്തതായി വിവരം ലഭിച്ചിട്ടില്ലാത്ത വകുപ്പുകൾ അനുബന്ധം II ആയി ചേർക്കുന്നു.

(എഫ്) റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുന്നതിന് മുമ്പ് സർക്കാർ നിർദ്ദേശം അനുസരിച്ച് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകുവാനും അത് നടപ്പിലാക്കുവാനും എന്ത് നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

(എഫ്) സർക്കാരിന്റെ പരിശോധനാ സംഘം 17 വകുപ്പുകളിൽ എൽ. ഡി. സി. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് പരിശോധന നടത്തുകയും, റിപ്പോർട്ട് ചെയ്തിട്ടില്ല എന്ന് കണ്ടെത്തിയ വകുപ്പുകളോട് വിശദീകരണം ആവശ്യപ്പെടുകയും ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ ഉണ്ടായ തടസ്സങ്ങൾ നീക്കി അവ അടിയന്തിരമായി റിപ്പോർട്ട് ചെയ്യാൻ കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്

**സെക്ഷൻ ഓഫീസർ**